ഭരണഭാഷ - മാതൃഭാഷ

# തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ: ഡോ.നവജ്യോത് ഖോസ, ഐ.എ.എസ്സ്)

.................................................................................................................................

നം.കെ5-247210/20 തീയതി -13.09.2021

.................................................................................................................................

വിഷയം: ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 - സാമൂഹിക പ്രത്യാഘാത പഠനം - മണ്ണറക്കോണം-മുക്കോല-വഴയില റോഡ് വികസനം പൊന്നുംവില നടപടി –വിദഗ്ധ സംഘം - അംഗങ്ങളെ നാമനിർദ്ദേശംചെയ്ത് ഉത്തരവാകുന്നത് - സംബന്ധിച്ച്.

വായന

1. 29.06.2016 ലെ ജി.ഒ.(പി)-377/16/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.
2. ഈ കാര്യാലയത്തിലെ 26.12.2019 ലെ കെ4239903/19 നമ്പർ നടപടിക്രമം
3. തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 14.07.2021 തീയതിയിലെ C1/45789/21 നമ്പർ കത്ത്.
4. കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എഞ്ചിനീയറുടെ ഫോൺ സന്ദേശം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം- 2013 ലെ 7(1) വകുപ്പിലെ പരാമർശപ്രകാരമുള്ള വിദഗ്ധ സംഘത്തെ നിയമിക്കുന്നത് സംബന്ധിച്ച് വായന (1) സർക്കാർ ഉത്തരവിൽ ഓരോ പൊന്നുംവില നടപടിയിലും 7 അംഗങ്ങൾ അടങ്ങിയ വിദഗ്ധ സംഘത്തെ നിയമിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ വിവക്ഷിച്ചിരിക്കുന്ന നോൺ ഒഫിഷ്യൽ സോഷ്യൽ സയൻറിസ്റ്റ്,എക്സ്പെർട്ട് ഓൺ റിഹാബിലിറ്റേഷൻ വിഭാഗങ്ങളിൽ രണ്ടുപേരെ വീതം ജില്ലാ കളക്ടർ വായന (2) പ്രകാരം നാമനിർദ്ദേശം ചെയ്ത് ഉത്തരവായിട്ടുണ്ട്. വിദഗ്ധ സംഘത്തിലെ മറ്റു മൂന്ന് അംഗങ്ങളിൽ രണ്ടുപേർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും(ഒരു വനിത ഉൾപ്പെടെ) ഒരാൾ പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധനും (അർത്ഥനാധികാരിയുമായി ചർച്ചചെയ്തു തീരുമാനിക്കുന്നയാൾ) ആയിരിക്കണമെന്ന് വായന (1)ൽ നിഷ്കർഷിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലെ പേരൂർക്കട, നെടുമങ്ങാട് താലൂക്കിലെ കരകുളം വില്ലേജുകളിലായി- മണ്ണറക്കോണം-മുക്കോല-വഴയില റോഡ് വികസനം പൊന്നുംവില നടപടിയിൽ സാമൂഹിക ആഘാത പഠന യൂണിറ്റ് സമർപ്പിച്ച പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി രൂപീകരിയ്ക്കുന്ന വിദഗ്ധ സംഘത്തിലേയ്ക്ക് നാമനിർദ്ദേശം ചെയ്തുകൊണ്ട് വായന (3) പ്രകാരം തിരുവനന്തപുരം കോർപ്പറേഷന് പ്രതിനിധികളുടെയും വായന (4) പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധന്റെയും പേരുകൾ ലഭ്യമായിട്ടുണ്ട്.ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലെ നെടുമങ്ങാട് താലൂക്കിലെ കരകുളം വില്ലേജുകളിൽ ഉൾപ്പെട്ട് കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് അർത്ഥനാധികാരിയായിട്ടുള്ള മണ്ണറക്കോണം-മുക്കോല-വഴയില റോഡ് റോഡു വികസനം 'കേരള വോളന്ററി ഹെൽത്ത് സർവീസസ്' സാമൂഹിക ആഘാത പഠന യൂണിറ്റ് സമർപ്പിച്ച പഠന റിപ്പോർട്ട് വിലയിരുത്തുന്ന വിദഗ്ധ സംഘത്തിലേയ്ക്ക് വായന (2) പ്രകാരം,

നാമനിർദ്ദേശം ചെയ്ത 4 പേർ ഉൾപ്പെടെ താഴെ പറയുന്ന 7 പേരെ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്/വിലാസം | വിഭാഗം |
|---|---|---|
| 1. | പ്രൊഫസർ താരാഭായി, സോഷ്യോളജി പ്രൊഫസർ(റിട്ട), മധുരൈ കാമരാജ് സർവ്വകലാശാല.<br>ഐ.ഐ.എ ജി.ഐ.എ ക്ലാസിക് യു.ആർ നം.2, ഉപ്പളം റോഡ്,തിരു. ഫോൺ. 9496174262 | നോൺ ഒഫിഷ്യൽ, സോഷ്യൽ സയന്റിസ്റ്റ്. |
| 2. | ഡോ.പി.പ്രതാപൻ, റ്റിസി 42/944 ആൽഫ മെറിറ്റ അപ്പാർട്ട്മെന്റ്സ്,പൂജപ്പുര.പി<br>ഫോൺ. 9446176426 | നോൺ ഒഫിഷ്യൽ, സോഷ്യൽ സയന്റിസ്റ്റ് |
| 3. | ശ്രീ.എസ്. ഇന്ദുകലാധരൻ, ഡെ.കളക്ടർ (റിട്ട) ഹൌസ് നമ്പർ 5,എം.എസ്.പി.നഗർ,തിരുമല. പി.ഒ<br>ഫോൺ. 9847443300 | എക്സ്പെർട്ട് ഓൺ റീഹാബിലിറ്റേഷൻ |
| 4. | ശ്രീ.എസ്. ശംഭുദേവൻ, ഡെ.കളക്ടർ (റിട്ട). കൃഷ്ണ, ഊരുപൊയ്ക.പിഒ.<br>ഫോൺ. 9349328966 | എക്സ്പെർട്ട് ഓൺ റീഹാബിലിറ്റേഷൻ |
| 5. | ശ്രീമതി.ഹെലൻ.ജി, കൌൺസിലർ വാഴോട്ട്കോണം വാർഡ്<br>ഫോൺ.9496942040 | പ്രതിനിധി,തദ്ദേശ സ്വയംഭരണ സ്ഥാപനം |
| 6. | ശ്രീമതി.നന്ദ ഭാർഗവ്, കൌൺസിലർ നെട്ടയം വാർഡ്,<br>ഫോൺ 9072382802 | പ്രതിനിധി,തദ്ദേശ സ്വയംഭരണ സ്ഥാപനം |
| 7. | ശ്രീ.രാകേഷ്., അസിസ്റ്റന്റ് എൻജിനീയർ, കേരള റോഡ് ഫണ്ട് ബോർഡ് പ്രോഡക്ട് മാനേഡ്മെന്റ് യൂണിറ്റ്,തിരുനന്തപുരം.<br>ഫോൺ. 8907220605 | ടെക്നിക്കൽ എക്സ്പെർട്ട് |

ഡോ.പി.പ്രതാപനെ വിദഗ്ധ സമിതിയുടെ ചെയർമാന് ആയി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ

<u>പകർപ്പ്:</u>

1) ബന്ധപ്പെട്ട വിദഗ്ധ സമിതി അംഗങ്ങൾക്ക്
2) എൻ.ഐ.സി (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) സ്പെഷ്യൽ തഹസിൽദാർ, എൽ.എ, കിഫ്ബി യൂണിറ്റ് -1) (വിദഗ്ധ സമിതിക്ക് ആവശ്യമായ ക്രമീകരണം ചെയ്യുന്നതിനായി)
4) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
ഡെപ്യൂട്ടി കളക്ടർ(എൽ.എ)